ത്തിലെ മറ്റു പ്രദേശങ്ങളിലുള്ള എല്ലാവർക്കും മലയാളം പരിപാടികൾ കാണത്തക്കവിധം തിരുവനന്തപുരവും എറണാകുളവുമായി മൈക്രോവേവ് മുഖാന്തിരം ബന്ധപ്പെടുത്തണമെന്നും കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം കേന്ദ്രത്തിൽ നിന്നുള്ള മലയാളം പരിപാടികളുടെ സമയം വർദ്ധിപ്പിക്കാൻ ദൂരദർശന് ഉദ്ദേശമുണ്ട്. സ്റ്റുഡിയോ സജ്ജമാകുന്നതോടെ മാത്രമേ ഇത് നടത്താൻ കഴിയൂ.

(ബി) ഏഴാം പഞ്ചവൽസര പദ്ധതി തീരുമാനത്തോടെ എല്ലാ ജില്ലകളിലും ടെലിവിഷൻ പരിപാടികൾ കാണാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(സി) ഇക്കാര്യം ഇപ്പോൾത്തന്നെ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ ഉന്നയിക്കുന്നതാണ്.

സംസ്ഥാനത്തെ റേഡിയോ സ്റ്റേഷൻ

524. [718] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര റേഡിയോ സ്റ്റേഷനുകൾ ഉണ്ട് ;

(ബി) ഏഴാം പദ്ധതിക്കാലത്ത് സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായി അറിയാമോ ; എങ്കിൽ എവിടെയെല്ലാം ;

(സി) സംസ്ഥാനത്ത് റേഡിയോ സ്റ്റേഷനുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ പറയാമോ ?

ഉത്തരം

(എ) നാല് റേഡിയോ സ്റ്റേഷനുകൾ.

(ബി) 7-ാം പദ്ധതിക്കാലത്ത് കണ്ണൂർ, ഇടുക്കി, കൊച്ചി എന്നീ സ്ഥലങ്ങളിൽ പുതിയ റേഡിയോ സ്റ്റേഷനുകൾ സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്.

(സി) 7-ാം പദ്ധതിക്കാലത്ത് തൃശ്ശൂരിലെ ഇപ്പോഴത്തെ 20 കിലോ വാട്ട്സ് ട്രാൻസ്മീറ്ററിൻറെ ശക്തി 100 കിലോ വാട്ട്സ് ആയി വർദ്ധിപ്പിക്കാനും തിരുവനന്തപുരത്ത് ഒരു 50 കിലോവാട്ട്സ് ഷോർട്ട് വേവ് ട്രാൻസ്മീറ്റർ സ്ഥാപിക്കാനും ഉദ്ദേശമുണ്ട്.

ചിമ്മിനി പദ്ധതിയുടെ പണി

525. [719] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിമ്മിനി പദ്ധതിയുടെ പണി ടെൻറർ ചെയ്യാതെ നെഗോഷിയേറ്റ് ചെയ്തുകൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുകയുടെ എത്ര ശതമാനം കൂട്ടിയാണ് കൊടുത്തത് ;

(സി) ഇതുമൂലം എസ്റ്റിമേറ്റ് സംഖ്യയേക്കാൾ എത്ര സംഖ്യ കൂടുതൽ കൊടുക്കേണ്ടിവരും ; ഇങ്ങനെ ചെയ്യാനുണ്ടായ പ്രത്യേക സാഹചര്യമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly